"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമ്മപദ്ധതി-II, മലപ്പുറം ജില്ലാ കോ-ഓർഡിനേറ്ററായി ഡോ.സീമ പി., (മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി ഇടയൂർ, മലപ്പുറം)-യെ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു.

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(സാധാ) നം.114/2025/PIE&MD തീയതി,തിരുവനന്തപുരം, 24-04-2025

---

പരാമർശം:-

1. സ.ഉ (പി) നം.10/2021/പിഇ&എ തീയതി 01.08.2021
2. സ.ഉ (പി) നം.02/2021/പിഐഇ&എംഡി തീയതി 03.12.2021
3. ഹോമിയോപതി ഡയറക്ടറുടെ 03/03/2025-ലെ DHTVM/374/2025-EA1 നമ്പർ കത്ത്.
4. നവകേരളം കർമ്മ പദ്ധതി-II കോ-ഓർഡിനേറ്ററുടെ 14.03.2025-ലെ എൻ.കെ.പി/എ2/380/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) (2) എന്നീ ഉത്തരവുകൾ പ്രകാരം നവകേരളം കർമ്മ പദ്ധതി-II നായി 14 ജില്ലാ കോ-ഓർഡിനേറ്റർ തസ്തിക അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഒഴിവുള്ള തസ്തികയിലേയ്ക്ക് ഡോ.സീമ പി., (മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി ഇടയൂർ, മലപ്പുറം)-യെ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കണമെന്ന് പരാമർശം (4) കത്ത് പ്രകാരം നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്റർ അഭ്യർത്ഥിക്കുകയുണ്ടായി. ഡോ.സീമ പിയുടെ സേവനം നവകേരളം കർമ്മപദ്ധതി-II നായി വിട്ടു നൽകുന്നതിന് എതിർപ്പില്ലെന്ന് പരാമർശം (3) കത്ത് പ്രകാരം ഹോമിയോപതി ഡയറക്ടർ നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്ററെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ ഒഴിവുള്ള നവകേരളം കർമ്മപദ്ധതി-II ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിലേയ്ക്ക് ഡോ.സീമ പി., (മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി ഇടയൂർ, മലപ്പുറം) യെ നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി, ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജീന ജെ പി

ഡെപ്യൂട്ടി സെക്രട്ടറി

1. ഡോ.സീമ പി.(മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി ഇടയൂർ, മലപ്പുറം)( നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്റർ മുഖേന)
2. കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി-II, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
4. വിവര പൊതുജന സമ്പർക്ക വകുപ്പ് web
5. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Devi K G
സെക്ഷൻ ഓഫീസർ
Date: 25-04-2025 10:11:02